tnkalvi.online

No. of Printed Pages : **6**

**6068-M**

റെജിസ്റ്റർ നംബർ | | | | | | | |

# PART - III

# ഭൂമിശാസ്ത്രം

(മലയാളം ഭാഷാന്തരണം)

സമയ പരിധി : 3.00 മണിക്കൂർ ] [ പരമാവധി മാർക്ക് : 70

**നിർദ്ദേശങ്ങൾ :** (1) ചോദ്യക്കടലാസ്സിലെ അച്ചടിയുടെ ഗുണനിലവാരം പരിശോധിക്കുക. എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ ഹാൾ സൂപ്പർവൈസറുമായി ബന്ധപ്പെടുക.

(2) എഴുതുവാനും അടിവരയിടുവാനും **കറുപ്പോ നീലയോ** നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

## ഭാഗം - I

**കുറിപ്പ് :** (i) **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **15x1=15**

(ii) തന്നിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും അനുയോജ്യമായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തരവും ഓപ്ഷൻ കോഡും എഴുതുക.

**1.** ഗൾഫ് സ്ട്രീമിന്റെയും ലാബ്രഡോർ പ്രവാഹത്തിന്റെയും സംഗമ സ്ഥാനത്ത് കാണപ്പെടുന്ന ഒരു മത്സ്യബന്ധന തടം _____ആണ്.

(a) റീഡ് തടം (b) ഡോഗർ തടം

(c) പെഡ്റോ തടം (d) ഗ്രാൻഡ് തടം

**2.** ജെറ്റ് വിമാനം പറപ്പിക്കുന്നതിന് ഏറ്റവും അനുയോജ്യമായ പാളി ഏതാണ് ?

(a) മീസോസ്ഫിയർ (b) ട്രോപോസ്ഫിയർ

(c) എക്സൊസ്ഫിയർ (d) സ്ട്രാറ്റോസ്ഫിയർ

**3.** ''ജ്യോഗ്രഫി'' എന്ന പദം രൂപപ്പെടുത്തിയത് :

(a) അരിസ്റ്റോട്ടിൽ (b) ഏറാടോസ്തെനെസ്

(c) ഹെറോഡോട്ടസ് (d) ഥാലസ്

[ മറുപുറം

TN Kalvi Online · tnkalvi.online/question-papers/class-11-geography-public-may-2022-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online



**4.** ടൈഗ ബയോം സ്ഥിതി ചെയ്യുന്ന അക്ഷാംശങ്ങൾ :

(a) $50^{o}$ - $70^{o}$ തെക്ക് (b) $0^{o}$ - $20^{o}$ വടക്കും തെക്കും

(c) വടക്ക് $70^{o}$ ക്ക് പുറത്ത് (d) $30^{o}$ - $50^{o}$ വടക്ക്

**5.** ഇടുക, മൂടുക, പിടിക്കുക എന്നത് ഏതിനെ നേരിടുന്നതിനുള്ള സുപ്രധാന പരിശീലനമാണ് ?

(a) ഭൂസ്ഖലനം (b) ഭൂകമ്പം

(c) ഇടിമിന്നൽ (d) വെള്ളപ്പൊക്കം

**6.** ലോകത്തിലെ ഉഷ്ണമേഖല ചക്രവാതങ്ങളുടെ ഏകദേശം _____ ശതമാനത്തോളം ഇന്ത്യയെ ബാധിക്കുന്നതാണ്.

(a) 30 (b) 10 (c) 40 (d) 20

**7.** താഴെ തന്നിരിക്കുന്നവയിൽ ഏതാണ് നീലഗിരി ജൈവമണ്ഡലത്തിൽ ഉൾപ്പെടാത്തത് ?

(a) സരിക്ഷ ദേശീയോദ്യാനം (b) ബണ്ടിപ്പൂർ ദേശീയോദ്യാനം

(c) മുകുർത്തി ദേശീയോദ്യാനം (d) നാഗർഹോൾ ദേശീയോദ്യാനം

**8.** അന്തരീക്ഷമർദ്ദം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് :

(a) തെർമോമീറ്റർ (b) ഹൈഗ്രോമീറ്റർ (c) അനിമോമീറ്റർ (d) ബാരോമീറ്റർ

**9.** ലോകത്തിലെ ഏറ്റവും നീളം കൂടിയ റിഫ്റ്റ് താഴ്വര :

(a) ബൈക്കൽ റിഫ്റ്റ് താഴ്വര

(b) നർമ്മദ റിഫ്റ്റ് താഴ്വര

(c) റൈൻ റിഫ്റ്റ് താഴ്വര

(d) ആഫ്രിക്കൻ റിഫ്റ്റ് താഴ്വര

**10.** താഴെ തന്നിരിക്കുന്നവയിൽ തെറ്റായ ജോഡി ഏതാണ് ?

(a) മൃഗങ്ങളെ വളർത്തൽ - സാംസ്കാരിക ഭൂമിശാസ്ത്രം

(b) ഗതാഗതം - സാമ്പത്തിക ഭൂമിശാസ്ത്രം

(c) ആശ്രിതത്വ അനുപാതം - ജനസംഖ്യ ഭൂമിശാസ്ത്രം

(d) സംസ്ഥാന അതിർത്തികൾ - രാഷ്ട്രീയ ഭൂമിശാസ്ത്രം

TN Kalvi Online · tnkalvi.online/question-papers/class-11-geography-public-may-2022-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online



**11.** 'ഗാലക്സിയാസ് ' എന്ന പദം ഉരുത്തിരിഞ്ഞത് _____ ഭാഷയിൽ നിന്നാണ്.

(a) ഗ്രീക്ക് (b) ലാറ്റിൻ

(c) ചൈനീസ് (d) സ്പാനിഷ്

**12.** മരിയാന ട്രഞ്ച് സ്ഥിതിചെയ്യുന്നത് ഏത് സമുദ്രത്തിലാണ് ?

(a) ഇന്ത്യൻ മഹാസമുദ്രം (b) അറ്റ്ലാന്റിക് സമുദ്രം

(c) അന്റാർട്ടിക് സമുദ്രം (d) ശാന്തസമുദ്രം

**13.** ഏത് ഡെൽറ്റയാണ് 'ഫാൻ ആകൃതിയിലുള്ള ഡെൽറ്റ' എന്നറിയപ്പെടുന്നത് ?

(a) അബാൻഡണ്ട് ഡെൽറ്റ (b) ആർക്യുവേറ്റ് ഡെൽറ്റ

(c) ട്രൺകേറ്റഡ് ഡെൽറ്റ (d) ബേഡ്സ് ഫൂട്ട് ഡെൽറ്റ

**14.** ഒരു പ്രത്യേക സാമ്പത്തിക മേഖല ബേസ് ലൈനിൽ നിന്നും _____ നോട്ടിക്കൽ മൈൽ വരെ നീണ്ടുകിടക്കുന്നു.

(a) 200 (b) 100 (c) 500 (d) 300

**15.** താഴെ തന്നിരിക്കുന്നവയിൽ ശരിയായ ജോഡി ഏത് ?

(a) ഹിമാനി - ലെവീസ്

(b) കാറ്റ് - ലോയെസ്സ്

(c) തിരകൾ - പെഡിപ്ലെയിൻ

(d) നദി - ഡ്രംലൈൻ

## ഭാഗം - II

**കുറിപ്പ് :** **ഏതെങ്കിലും ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ചോദ്യം നമ്പർ **24** ന് **നിർബന്ധമായും** ഉത്തരമെഴുതണം. **6x2=12**

**16.** ഗണിത ഭൂമിശാസ്ത്രം എന്നാലെന്ത് ?

**17.** ആരാണ് പ്രപഞ്ചത്തിന്റെ ഉത്പത്തിയെ കുറിച്ചുള്ള ആധുനിക സിദ്ധാന്തം ആവിഷ്കരിച്ചത് ? സിദ്ധാന്തത്തിന്റെ പേര് പറയുക.

[ മറുപുറം

TN Kalvi Online · tnkalvi.online/question-papers/class-11-geography-public-may-2022-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online



**18.** ഏകകേന്ദ്രാഭിമുഖമായ (കൺവെർജന്റ്) ഫലക അതിർത്തി എന്നാലെന്ത് ?

**19.** വ്യത്യസ്തതരം ഡെൽറ്റകളുടെ പേരുകൾ എഴുതുക.

**20.** പെർമഫ്രോസ്റ്റ് എന്തെന്ന് നിർവ്വചിക്കുക.

**21.** ലാപ്സെറേറ്റ് എന്നാലെന്ത് ?

**22.** ലോകത്തിലെ ചില ഉഷ്ണമേഖല മരുഭൂമികളുടെ പേരുകൾ പ്രതിപാദിക്കുക.

**23.** ഒരു ദുരന്തം എന്നാലെന്ത് ?

**24.** ഇൻ-സിറ്റു സംരക്ഷണം എന്നാലെന്ത് ?

## ഭാഗം - III

**കുറിപ്പ് : ഏതെങ്കിലും ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ചോദ്യം നമ്പർ **33** ന് **നിർബന്ധമായും** ഉത്തരമെഴുതണം. **6x3=18**

**25.** ഷാങ്ങ്ഹായിൽ (121° 47'E) രാത്രി 8 മണി ആകുമ്പോൾ ചെന്നൈ (80° 27'E) യിലെ പ്രാദേശിക സമയം കണക്കാക്കുക.

**26.** ഉത്ഭവത്തെ അടിസ്ഥാനമാക്കി പാറകളെ തരം തിരിക്കുക.

**27.** ബെർക്കൻസ്, സീഫ് ഡ്യൂൺസ് ഇവ തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

**28.** ഒരു സ്ഥലത്തിന്റെ ലവണത്വത്തെ ബാധിക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

**29.** ഇന്ത്യയുടെ ആദ്യത്തെ ദേശീയ ഉദ്യാനം ഏതാണ് ? ഇന്ത്യയിലെ ദേശീയോദ്യാനങ്ങളെ കുറിച്ച് എഴുതുക.

TN Kalvi Online · tnkalvi.online/question-papers/class-11-geography-public-may-2022-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online



**30.** കൂടെക്കൂടെ ചക്രവാതങ്ങൾ ബാധിക്കുന്ന തമിഴ്നാട്ടിലെ ജില്ലകളുടെ പട്ടിക തയ്യാറാക്കുക.

**31.** നഗര താപ ദ്വീപ് എങ്ങനെയാണ് രൂപപ്പെടുന്നത് ?

**32.** മെഡിക്കൽ ഭൂമിശാസ്ത്രത്തെ കുറിച്ച് ഒരു ചെറുകുറിപ്പ് എഴുതുക.

**33.** വിവിധ രാജ്യങ്ങളുടെ GNSS സിസ്റ്റത്തെ കുറിച്ച് എഴുതുക.

## ഭാഗം - IV

**കുറിപ്പ് :** **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **5x5=25**

**34.** (a) ഭൂമിശാസ്ത്രത്തിന്റെ പരിണാമത്തിലെ വിവിധ ഘട്ടങ്ങൾ വിശദമാക്കുക.

**അല്ലെങ്കിൽ**

(b) ഭൂമിയുടെ ഭ്രമണവും പരിക്രമണവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

**35.** (a) ഓസോണിനെ കുറിച്ചും ഓസോൺ പാളിയിലെ വിള്ളലിനെ കുറിച്ചും ഒരു സമ്പൂർണ്ണ വിവരണം നൽകുക.

**അല്ലെങ്കിൽ**

(b) ശാന്തസമുദ്രത്തിലെ പ്രവാഹങ്ങളെ കുറിച്ച് വിശദമായി വിവരിക്കുക.

**36.** (a) ഫലകാതിർത്തികളെ തരംതിരിക്കുക. ഓരോന്നിനെ കുറിച്ചും ഒരു കുറിപ്പ് വീതം എഴുതുക.

**അല്ലെങ്കിൽ**

(b) കാറ്റിന്റെ അപരദന ഭൂരൂപങ്ങളെ കുറിച്ച് ചിത്രത്തിന്റെ സഹായത്തോടെ വിവരിക്കുക.

[ മറുപുറം

TN Kalvi Online · tnkalvi.online/question-papers/class-11-geography-public-may-2022-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online



**37.** (a) ''വൈധ'' ഉഷ്ണമേഖല ചക്രവാതത്തെ കുറിച്ച് വിശദമാക്കുക. അത് തമിഴ്നാടിനെ എങ്ങനെ ബാധിക്കുന്നു ?

**അല്ലെങ്കിൽ**

(b) ടുണ്ട്ര ബയോമിനെ കുറിച്ച് വിശദീകരിക്കുക.

**38.** (a) തന്നിരിക്കുന്ന ലോക ഭൂപടത്തിൽ നിത്യഹരിത വനങ്ങൾ അടയാളപ്പെടുത്തുകയും അവയെ കുറിച്ച് എഴുതുകയും ചെയ്യുക.

**ആല്ലെങ്കിൽ**

(b) തന്നിരിക്കുന്ന ലോക ഭൂപടത്തിൽ തെക്ക്-പടിഞ്ഞാറൻ മൺസൂണിന്റെയും വടക്ക്-കിഴക്കൻ മൺസൂണിന്റെയും ദിശ രേഖപ്പെടുത്തുക.

**- o 0 o -**

tnkalvi.online

TN Kalvi Online · tnkalvi.online/question-papers/class-11-geography-public-may-2022-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share